**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 96** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഭൂപതിവ് ചട്ടങ്ങളുടെ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂപതിവ് ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പരിശോധിച്ച് വരുന്നു. 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ 15 സെന്റിൽ താഴെയുള്ള പട്ടയ ഭൂമിയിൽ ഉപജീവനാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 1500 ചതുരശ്ര അടിക്കു താഴെ മാത്രം തറവിസ്തൃതിയുള്ള കെട്ടിടം മാത്രമാണ് നിർമ്മിച്ചിട്ടുള്ളതെങ്കിൽ അപേക്ഷകനോ അപേക്ഷകനെ ആശ്രയിച്ച് കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ലയെന്ന് തെളിയിക്കുന്ന പക്ഷം അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ പട്ടയ വ്യവസ്ഥാ ലംഘനം ക്രമവൽക്കരിക്കുന്നതിനും കൂടാതെ 21.01.2020 ലെ ബഹു. ഹൈക്കോടതി ഉത്തരവിന് ശേഷം 22.08.2019 ലെ ഉത്തരവ് തീയതി വരെ റവന്യൂ വകുപ്പിന്റെ NOC യോട് കൂടി നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളും വ്യവസ്ഥകൾക്ക് വിധേയമായി ഹൈക്കോടതിയുടെ അംഗീകാരത്തോടു കൂടി ക്രമവൽക്കരിക്കുന്ന കാര്യവും പരിഗണിച്ചു വരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത ചട്ടങ്ങൾ പരിഷ്കരിക്കുമ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | പരിശോധിച്ച് വരുന്നു. 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ 15 സെന്റിൽ താഴെയുള്ള പട്ടയ ഭൂമിയിൽ ഉപജീവനാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 1500 ചതുരശ്ര അടിക്കു താഴെ മാത്രം തറവിസ്തൃതിയുള്ള കെട്ടിടം മാത്രമാണ് നിർമ്മിച്ചിട്ടുള്ളതെങ്കിൽ അപേക്ഷകനോ അപേക്ഷകനെ ആശ്രയിച്ച് കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ലയെന്ന് തെളിയിക്കുന്ന പക്ഷം അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ പട്ടയ വ്യവസ്ഥാ ലംഘനം ക്രമവൽക്കരിക്കുന്നതിനും കൂടാതെ 21.01.2020 ലെ ബഹു. ഹൈക്കോടതി ഉത്തരവിന് ശേഷം 22.08.2019 ലെ ഉത്തരവ് തീയതി വരെ റവന്യൂ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ NOC യോട് കൂടി നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളും വ്യവസ്ഥകൾക്ക് വിധേയമായി ഹൈക്കോടതിയുടെ അംഗീകാരത്തോടു കൂടി ക്രമവൽക്കരിക്കുന്ന കാര്യവും പരിഗണിച്ചു വരുന്നു. |
| (സി) | ഇതുമായി ബന്ധപ്പെട്ട പഠനം നടത്തുന്നതിനായി വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (സി) | ഇതുമായി ബന്ധപ്പെട്ട പഠനം നടത്തുന്നതിനായി വിദഗ്ധ സമിതി രൂപികരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# <u>വിശദീകരണ കുറിപ്പ്</u>

1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ 15 സെന്റിൽ താഴെയുള്ള പട്ടയ ഭൂമിയിൽ ഉപജീവനാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 1500 ചതുരശ്ര അടിക്കു താഴെ മാത്രം തറവിസ്തൃതിയുള്ള കെട്ടിടം മാത്രമാണ് ഉള്ളതെങ്കിൽ അപേക്ഷകനോ അപേക്ഷകനെ ആശ്രയിച്ച് കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ലയെന്ന് തെളിയിക്കുന്ന പക്ഷം അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ പട്ടയ വ്യവസ്ഥാ ലംഘനം ക്രമവൽക്കരിക്കുന്നതിനും 21.01.2020 ലെ ബഹു. ഹൈക്കോടതി ഉത്തരവിന് ശേഷം നിർത്തിവയ്ക്കപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ 22.08.2019 ലെ ഉത്തരവ് തീയതി വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.